പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം: 4528 20.10.2011 - ൽ മറുപടിയ്ക്ക്

തൃശ്ശൂർ ജില്ലയിലെ മയിലാടുംകുന്ന് കരിങ്കൽ ക്വാറിയിലെ സംഘട്ടനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. ബാബു എം. പാലിശ്ശേരി | | ശ്രീ. ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി) |
| (എ) | തൃശ്ശൂർ ജില്ലയിലെ കടങ്ങോട് ഗ്രാമ പഞ്ചായത്തിൽപ്പെട്ട മയിലാടുംകുന്ന് കരിങ്കൽ ക്വാറിയിൽ സംഘട്ടനം നടന്നതു സംബന്ധിച്ച് പോലീസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ ; | (എ) | ഉണ്ട്. |
| (ബി) | പ്രസ്തുത സംഘട്ടനത്തിന് അടിസ്ഥാന മായ കാരണം എന്താണ് ; | (ബി) | ജെ.സി.ബി. ഉപയോഗിച്ച് ലോറി യിലേയ്ക്ക് കരിങ്കൽ കയറ്റുന്നത് സംബന്ധിച്ച് ഉമ്മർ എന്നയാളും പന്നിത്തടം എന്ന സ്ഥലത്തുള്ള യൂണിയൻ തൊഴിലാളികളും തമ്മിലുള്ള തർക്കമാണ് സംഘട്ടനത്തിന് അടിസ്ഥാന മായ കാരണം. |
| (സി) | ഇത് സംബന്ധിച്ച് എത്ര പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട് ; | (സി) | ആരെയും അറസ്റ്റ് ചെയ്തിട്ടില്ല. |
| (ഡി) | പ്രസ്തുത കരിങ്കൽ ക്വാറിക്ക് പ്രവർത്തി ക്കാൻ എക്സ്പ്ലോസീവ് ലൈസൻസും പൊല്യൂഷൻ കൺട്രോൾ ബോർഡ്, മൈനിംഗ് ആൻറ് ജിയോളജി വകുപ്പ്, ഗ്രാമപഞ്ചായത്ത് എന്നിവയിൽ നിന്ന് ലൈസൻസ് / അനുമതിപത്രവും ലഭിച്ചി ട്ടുണ്ടോ;എങ്കിൽ ആർക്കാണ് ലൈസൻസ് നൽകിയിട്ടുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ ; | (ഡി) & (ഇ) | അനുമതി ലഭിച്ചിട്ടില്ല. അനുമതി ഇല്ലാതെ കരിങ്കൽ ക്വാറി നടത്തിയതിന് ഉമ്മർ, S/o കുഞ്ഞമ്മു പുഴങ്കര ഇല്ലത്ത് വീട്, കടങ്ങോട് എന്ന ആൾക്കെതിരെ എരുമപ്പെട്ടി പോലീസ് സ്റ്റേഷനിൽ ഒരു ക്രൈം കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (ഇ) | അനുമതി ഇല്ലാതെയാണ് ക്വാറി പ്രവർത്തിച്ചത് എങ്കിൽ ഉത്തരവാദപെട്ട വരുടെ പേരിൽ എടുത്ത നടപടി എന്താണ് ; വിശദാംശം ലഭ്യമാക്കുമോ ? | | |

സെക്ഷൻ ഓഫീസർ